(ഡി ആന്റ് ഇ) വൈദ്യുതി ബോർഡ് എ.ഡി.ബി.-യിൽ നിന്നും വായ്പ വാങ്ങിയിട്ടില്ല. സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റ് വഴി എ.ഡി.ബി.-യിൽ നിന്നും എടുത്ത വായ്പയുടെ നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കാസർഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപടി

4 [160] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസറഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും ആരംഭിച്ചത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓരോ പദ്ധതിയും പൂർത്തീകരിക്കാൻ എന്ത് തുക വീതം ചെലവാക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസറഗോഡ് ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പരിപാടി (APDRP)യിൽ ഉൾപ്പെടുത്തി 252 കി. മീറ്റർ പുതിയ 11 കെ. വി. ലൈൻ വലിക്കാനും 218 പുതിയ 100 കെ. വി. എ. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും 1405 ലോ വോൾട്ടേജ് (9 KVAR) കപ്പാസിറ്ററുകൾ സ്ഥാപിക്കാനും ഉള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ ധനസഹായത്തോടെ സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽപ്പെടുത്തി അനന്തപുരം, കാസറഗോഡ് ടൗൺ, ബദിയടുക്ക, പെർള, നീലേശ്വരം എന്നീ സ്ഥലങ്ങളിൽ 33/11 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള പണികളും നടന്നുവരുന്നു.

(ബി) ആരംഭിച്ചുകഴിഞ്ഞ ടി പണികൾ 2004 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) എ.പി.ഡി.ആർ.പി. പദ്ധതിക്ക് 10.24 കോടി രൂപയും സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിന് 9.80 കോടി രൂപയും ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly